പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2044 | 22-03-2012 -ൽ മറുപടിക്ക്.

ഭവനാവകാശ നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ | | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭവനരഹിതരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എല്ലാ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യമുള്ള വീടുകൾ നൽകുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | എല്ലാ കുടുംബങ്ങൾക്കും അടിസ്ഥാന സൗകര്യമുള്ള വീടുകൾ നൽകുവാനായി ഭവനനിർമ്മാണ ബോർഡ് താഴെപ്പറയുന്ന ഭവന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്:<br>(1) എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി :<br>ഈ പദ്ധതിയിലൂടെ 15-3-2012 വരെ 12084 വീടുകൾ പുനർനിർമ്മിക്കുന്നതിനായി 49.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>(2) സുരക്ഷാ ഭവനപദ്ധതി:<br>ഈ പദ്ധതിയിലൂടെ 15.3.2012 വരെ 3230 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>(3) ഇന്നൊവേറ്റീവ് ഭവന പദ്ധതി:<br>നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നഗരത്തിൽ പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കുന്ന വാടക വീട് പദ്ധതിയിലൂടെ 52 ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 48 ഫ്ലാറ്റുകൾ കൂടി നിർമ്മിച്ചു വരുന്നു. ഇതിനു പുറമെ48 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൂടി ഉടനേ ആരംഭിക്കുന്നതാണ്.<br>(4) സാഫല്യം ഭവന പദ്ധതി:<br>ഭൂ-ഭവനരഹിതരായ EWS വിഭാഗക്കാർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി കേരളത്തിലെ 10 പഞ്ചായത്തുകളിൽ ഒന്നാം ഘട്ടമായി 1008 ഫ്ലാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

(5) കോഴിക്കോട് ബംഗ്ലാദേശ് കോള നിയിലെ കുടുംബങ്ങളുടെ പുനരധി വാസ പദ്ധതി:

ഈ പദ്ധതിയിലൂടെ 333 വീടു കൾ പുനർനിർമ്മിക്കുന്നതിനും 25 വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി താമസയോഗ്യമാക്കുന്ന തിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒന്നാം ഘട്ട മായി218 വീടുകൾ പുനർനിർമ്മി ക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

(6) സർക്കാർ ജീവനക്കാർക്കാ യുള്ള ഭവനപദ്ധതി:

ഈ പദ്ധതി പ്രകാരം ദേവികു ളത്ത് 6 ഫ്ലാറ്റുകളും കാസർഗോഡ് 12 ഫ്ലാറ്റുകളും നിർമ്മിക്കാൻ ലക്ഷ്യമിടു ന്നു.

(7) പാരസ്പര്യ പദ്ധതി:

ഗുണഭോക്താക്കളിൽ നിന്നും മുൻകൂർ തുക സമാഹരിച്ചുകൊണ്ട് തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകളുടെ സമുച്ചയം നിർമ്മിച്ചു വരുന്നു. കൂടാതെ എറണാകുളത്ത് പനമ്പിള്ളി നഗറിലും ഇത്തരത്തി ലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതി നടപ്പി ലാക്കാൻ ലക്ഷ്യമിടുന്നു.

(8) സുനാമി പുനരധിവാസ ഭവന പദ്ധതി:

ഈ പദ്ധതിയിലൂടെ 9125 വീടുകൾ നിർമ്മിക്കുന്നതിന് നടപടി കൾ സ്വീകരിച്ചു വരുന്നു.

(9) പൊതു-സ്വകാര്യ പങ്കാളിത്ത ത്തോടെ നടപ്പിലാക്കുന്ന സംയുക്ത സംരംഭ പദ്ധതി:

ഭവന നിർമ്മാണ ബോർ ഡിന്റെ കൈവശമുള്ള പ്രധാന സ്ഥല ങ്ങളിൽ സംയുക്ത സംരംഭ മാതൃക യിൽ വീടുകൾ നിർമ്മിക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുണ്ട്.

| | | |
|---|---|---|
| (സി) ആഡംബര വീടുകൾ നിർമ്മിക്കുന്നവ രിൽ നിന്നും സെസ് ഈടാക്കി പാവപ്പെ ട്ടവർക്ക് ഭവനങ്ങൾ പണിതു കൊടു ക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും | പരിശോധിക്കുന്നതാണ്. |
| (ഡി) സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങ ൾക്കും വീട് ഉറപ്പാക്കാൻ ഭവനാവ കാശ നിയമം നടപ്പാക്കുമോ? | | |

സെക്ഷൻ ഓഫീസർ